കല്ലിശ്ശേരി—ഇരവിപേരൂർ റോഡിലെ വരട്ടാർ പാലത്തിന്റെ ഇരുഭാഗത്തും മെറ്റൽ ഇളകി കാൽനടയ്ക്കുപോലും യോഗ്യമല്ലാതായിരിക്കുന്ന സ്ഥിതി കണക്കിലെടുത്ത് ഈ ഭാഗത്തിന്റെ അറ്റകുറ്റപണികളും നടത്തി ടാർ ചെയ്യുന്ന കാര്യം അടിയന്തിരമായി പരിഗണിക്കുമോ?

ഉത്തരം

പരിഗണിക്കുന്നതാണ്.

റോഡ് റിപ്പയർ ചെയ്യാനുള്ള നടപടി

717 [1048] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടായി—പെരിങ്ങോട്ടുകുറുശ്ശി (പത്തിരിപ്പാല) റോഡ് റിപ്പയർ ചെയ്യാനുള്ള എന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഈ പണിക്ക് എത്ര സംഖ്യ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഇതിനകം എത്ര സംഖ്യ ചെലവു ചെയ്തു?

ഉത്തരം

(എ) കോട്ടായി—പെരിങ്ങോട്ടുകുറുശ്ശി റോഡ് പൊതുമരാമത്തു വകുപ്പ് വക റോഡാണ്. അതിന്റെ റിപ്പയർ ജോലി നടത്തിയിട്ടുണ്ട്. ചോദ്യം പത്തിരിപ്പാലയിൽ നിന്നും പെരിങ്ങോട്ടുകുറിശ്ശിക്കു പോകുന്ന റോഡിനെ സംബന്ധിച്ചാണെങ്കിൽ, പ്രസ്തുത റോഡ് പഞ്ചായത്തിന്റെ അധീനതയിലായതുകൊണ്ട് പൊതു മരാമത്ത് വകുപ്പ് റിപ്പയർ ചെയ്യാനുള്ള നടപടിയൊന്നും തന്നെ സ്വീകരിക്കേണ്ടതായിട്ടില്ല.

(ബി) പ്രസക്തമല്ല.

(സി) പ്രസക്തമല്ല.

(ഡി) പ്രസക്തമല്ല.

സ്പോർട്സ്മാൻമാർക്ക് പെൻഷൻ

718 [1049] ശ്രീ. കെ. പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ എത്ര സ്പോർട്സ്മാൻമാർക്ക് പെൻഷൻ അനുവദിച്ചു; ഓരോരുത്തർക്കും എന്തു തുക വീതം;

(ബി) ഇതുവരേയും ഈ ഇനത്തിൽ എന്തു തുക ചെലവായി;

LIBRARY ARCHIVES Kerala Legislative Assembly